"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണവകുപ്പ്-ലൈഫ് മിഷൻ- അടിമാലി ഗ്രാമപഞ്ചായത്തിന്റെ "ജനനി" പദ്ധതി പ്രകാരം ഭവനം ഫൗണ്ടേഷൻ നിർമിച്ച 217 യൂണിറ്റുകൾ അടങ്ങുന്ന ഭവന സമുച്ചയം ലൈഫ് മിഷൻ പദ്ധതിയുടെ ഭൂരഹിത ഭവന രഹിതർക്കായി 24,82,74,484 (ഇരുപത്തിനാല് കോടി എൺപത്തിരണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി നാനൂറ്റി എൺപത്തിനാല്) രൂപക്ക് വാങ്ങുന്നത് -ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(കൈ) നം.10/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/01/2019

---

പരാമർശം:- 1 സ.ഉ(എം.എസ്)നം.154/2018/ത.സ്വ.ഭ.വ തീയതി 29-10-2018.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20-12-2018 തീയതിയിലെ എൽ.എഫ് 5/18/2017 നമ്പർ കുറിപ്പ്.

<u>ഉത്തരവ്</u>

ഭവനം ഫൗണ്ടേഷൻ നിർമ്മിച്ചിട്ടുള്ള അടിമാലിയിലെ കെട്ടിട സമുച്ചയം ലൈഫ് മിഷന് വേണ്ടി 26,06,88,204 (ഇരുപത്താറ് കോടി ആറ് ലക്ഷത്തി എൺപത്തെണ്ണായിരത്തി ഇരുനൂറ്റിനാല്) രൂപക്ക് വാങ്ങുന്നതിനായി പരാമർശം 1) പ്രകാരം ലൈഫ് മിഷന് തത്വത്തിൽ അംഗീകാരം നല്കിയിരുന്നു. എന്നാൽ അടിമാലി ഗ്രാമപഞ്ചായത്തിന്റെ "ജനനി" പദ്ധതി പ്രകാരം ഭവനം ഫൗണ്ടേഷൻ നിർമിച്ച 217 യൂണിറ്റുകൾ അടങ്ങുന്ന ഭവന സമുച്ചയം ലൈഫ് മിഷൻ പദ്ധതിയുടെ ഭൂരഹിത ഭവന രഹിതർക്കായി 24,82,74,484 (ഇരുപത്തിനാല് കോടി എൺപത്തിരണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി നാനൂറ്റി എൺപത്തിനാല്) രൂപക്ക് വാങ്ങാൻ തിരുമാനിച്ചുവെന്നും, ലൈഫ് മിഷൻ ടി തുക ഭവനം ഫൗണ്ടേഷന് കൈമാറുന്നതിനും പ്രസ്തുത സ്ഥലവും കെട്ടിട സമുച്ചയവും (1.29 ഏക്കർ ഭൂമി, റീസർവ്വേ നമ്പർ 374/2-2, മന്നാംകണ്ടം വില്ലേജ്, അടിമാലി പഞ്ചായത്ത്, ദേവികുളം താലൂക്ക്) സർക്കാരിന് (തദ്ദേശ സ്വയം ഭരണ വകുപ്പിന്) relinguish ചെയ്യുന്നതിനും തിരുമാനിച്ചിട്ടുണ്ട് എന്നും ആയതിനാൽ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അടിമാലി ഗ്രാമപഞ്ചായത്തിന്റെ "ജനനി" പദ്ധതി പ്രകാരം ഭവനം ഫൗണ്ടേഷൻ നിർമിച്ച 217 യൂണിറ്റുകൾ അടങ്ങുന്ന ഭവന സമുച്ചയം ലൈഫ് മിഷൻ പദ്ധതിയുടെ ഭൂരഹിത ഭവന രഹിതർക്കായി 24,82,74,484 (ഇരുപത്തിനാല് കോടി എൺപത്തിരണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി നാനൂറ്റി എൺപത്തിനാല്) രൂപക്ക് വാങ്ങുന്നതിന് ഭരണാനുമതിയും ടി തുക

ഭവനം ഫൗണ്ടേഷന് കൈമാറുന്നതിനും പ്രസ്തുത സ്ഥലവും കെട്ടിട സമുച്ചയവും (1.29 ഏക്കർ ഭൂമി, റിസർവ്വേ നമ്പർ 374/2-2, മന്നാംകണ്ടം വില്ലേജ്, അടിമാലി പഞ്ചായത്ത്, ദേവികുളം താലൂക്ക്) സർക്കാരിന് (തദ്ദേശ സ്വയം ഭരണ വകുപ്പിന്) relinguish ചെയ്യുന്നതിനും അനുമതിയും നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,ലൈഫ് മിഷൻ
ഡയറക്ടർ/ചെയർമാൻ,ഭവനം ഫൗണ്ടേഷൻ
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

തൊഴിൽ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ